## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1247 — 11.06.2019-ൽ മറുപടിക്ക്

### കാട്ടാക്കട മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.ബി.സതീഷ് | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കിള്ളി-ഇ.എം.എസ്. അക്കാദമി റോഡിന്റെയും പൊട്ടൻകാവ്-നെല്ലിക്കാട് റോഡിന്റെയും പുളിയറക്കോണം- കുഴക്കാട് ക്ഷേത്ര റോഡിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 1) കിള്ളി - ഇ.എം.എസ് അക്കാദമി റോഡ് - പുതുക്കിയ സാമ്പത്തികാനുമതിക്ക് വേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.<br>2) പൊട്ടൻകാവ് - നെല്ലിക്കാട് റോഡ് - കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>3) പുളിയറക്കോണം- കുഴക്കാട് ക്ഷേത്രം റോഡ് - ഡി.പി.ആർ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത റോഡുകളുടെ എസ്റ്റിമേറ്റ് തുകയും അനുമതി ലഭ്യമായ തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കിള്ളി - ഇ.എം.എസ് അക്കാദമി റോഡ് - 15.24 കോടി രൂപയ്ക്കാണ് കിഫ്ബി സാമ്പത്തികാംഗീകാരം നൽകിയിട്ടുള്ളത്. 16.58 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.<br>പൊട്ടൻകാവ് - നെല്ലിക്കാട് റോഡ് 18.748 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാംഗീകാരം നൽകിയിട്ടുണ്ട്.<br>പുളിയറക്കോണം- കുഴക്കാട് ക്ഷേത്രം റോഡ് - 41.22 കോടി രൂപയുടെ ഡി.പി.ആർ തയ്യാറായിട്ടുണ്ട്. |
| (സി) | കാലതാമസം ഒഴിവാക്കി പ്രസ്തുത റോഡ് പ്രവൃത്തികൾ ഉടൻ ആരംഭിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കിള്ളി - ഇ.എം.എസ് അക്കാദമി റോഡും പുളിയറക്കോണം - കുഴക്കാട് ക്ഷേത്രം റോഡും സാമ്പത്തികാനുമതി ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പൊട്ടൻകാവ് - നെല്ലിക്കാട് റോഡ് സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ